ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി2/30265/2013

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 20.12.2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

ഡയറക്ടർ ഓഫ് പഞ്ചായത്ത്
ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപാർട്ട്മെന്റ്,
തിരുവനന്തപുരം.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** - മണൽ കയറ്റി കൊണ്ടുപോകുന്ന വാഹനങ്ങൾ-സംബന്ധിച്ച്

സൂചന :- എൻഫോർസ്മെന്റ് ജെ-ടിസിയുടെ 15/12/2013 തിയ്യതിയിലുള്ള കറിപ്പ്.

മണൽ കയറ്റി കൊണ്ടുപോകുന്ന വാഹനങ്ങൾ പലതും ശരിയായ രേഖകൾ ഇല്ലാത്തതും ഡ്രൈവർമാർക്ക് ശരിയായ ലൈസൻസ് ഇല്ലാത്തതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലാവധി തീർന്നവയുമൊക്കെയാണെന്ന് നിരന്തരം പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നു. പല വാഹനങ്ങളിലും വാഹനത്തിന്റെ നമ്പർ പ്രദർശിപ്പിക്കാതെയും ചില വാഹനങ്ങളിൽ നമ്പർ എഴുതിയ മുൻഭാഗം ബംബർ തന്നെ എടുത്തുമാറ്റിയും മറ്റുമാണ് ഇത്തരം വാഹനങ്ങൾ ഓടുന്നത് എന്നും പരാതിയിൽ പറയുന്നു.

ഫിറ്റ്നസ് കാലാവധി തീർന്നവയും റോഡിൽ ഓടിക്കാൻ അനുയോജ്യമല്ലാത്തവയുമായ ഇത്തരം വാഹനങ്ങൾ പലപ്പോഴും അമിത വേഗത്തിലും മറ്റും ഓടിച്ച് ധാരാളം അപകടങ്ങൾക്കും കാരണമാവുന്നുണ്ട്. രാത്രിയും മറ്റു അസമയങ്ങളിലുമാണ് ഇത്തരം വാഹനങ്ങളിൽ പലതും സർവ്വീസ് നടത്തുന്നത് എന്നതിനാൽ വാഹന വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ഇവ കാര്യക്ഷമമായി പരിശോധിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പല വാഹനങ്ങളും പരിശോധനയ്ക്ക് ആവശ്യപ്പെട്ടാൽ നിർത്താതെ പോകുന്ന പ്രവണതയും ഏറിവരുന്നു.

ഈ സന്ദർഭത്തിൽ, പഞ്ചായത്ത് വകുപ്പിന്റെ കൂടെ സഹകരണത്തോടെ ഇത്തരം വാഹനങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയുമെന്ന് വകുപ്പ് കരുതുന്നു. ഇതിനായി പഞ്ചായത്തിൽ നിന്നും മണൽ പാസ്സ് നൽകുമ്പോഴും വാഹനത്തിന്റെയും ഡ്രൈവറുടെയും രേഖകൾ പരിശോധിച്ച്

ഭരണഭാഷ — മാതൃഭാഷ

ശരിയാണെന്നുള്ള ഒരു സർട്ടിഫിക്കറ്റ് അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും വാങ്ങിക്കണമെന്ന് നിഷ്കർഷിക്കുകയാണെങ്കിൽ ഇത്തരം പരാതികൾ ഒഴിവാക്കാൻ കഴിയുന്നതാണ്. റോഡിൽ ഇത്തരം വാഹനങ്ങളെ നിയന്ത്രിക്കാനും അപകടങ്ങളും അതുവഴിയുള്ള അപകട മരണങ്ങളും ഒഴിവാക്കാനും ഇത് ഏറെ സഹായകകരമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

റോഡ് സുരക്ഷ മുൻനിർത്തി താങ്കളുടെ വകുപ്പിലെ ഉദ്യോഗസ്ഥൻ-മാർക്ക് ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം കൊടുക്കുവാൻ ഇതിനാൽ താല്പര്യപ്പെട്ടുകൊള്ളുന്നു.

വിശ്വസ്തതയോടെ,

3-1-14

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, എസ്,ടി,എ,
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

3/1/14

കോപ്പി:

1. സംസ്ഥാന പോലീസ് മേധാവി with CL
2. എല്ലാ ജില്ലാ കളക്ടർമാർ/
   എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ/
   ജോയിന്റ് ട്രാൻസ്പോർട്ട് ഓഫിസർമാർ

എ.ആർ

മോട്ടോർ വാഹന വകുപ്പ്, കേരള